# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3133 — 20/6/2014 ൽ മറുപടിയ്ക്ക്

## ജൈവ കീടനാശിനികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കാർഷിക വിളകളിലും, ഫലങ്ങളിലും അമിതമായ കീടനാശിനി പ്രയോഗം മൂലം ആരോഗ്യരംഗത്ത് ഉണ്ടാകുന്ന പ്രശ്നങ്ങൾ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇക്കാരണങ്ങളാൽ പല വിദേശ രാജ്യങ്ങളും സംസ്ഥാനത്തെ മാമ്പഴം, പച്ചക്കറി തുടങ്ങിയവ നിരോധിച്ച കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ജൈവ കീടനാശിനികൾ പ്രചരിപ്പിക്കേണ്ടതിന്റെയും കർഷകരിൽ അവബോധം ഉണ്ടാക്കേണ്ടതിന്റെയും ആവശ്യകത മനസ്സിലാക്കി ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുമോ? | (സി) ജൈവകീടനാശിനിയും ജൈവവളങ്ങളും ഉപയോഗിച്ചുള്ള ജൈവകൃഷി, കീടനാശിനി വിമുക്ത പച്ചക്കറിയുടെ ഉല്പാദനം, നല്ല കൃഷിമുറകൾ എന്നിവയ്ക്കാണ് കൃഷി വകുപ്പ് നടപ്പിലാക്കുന്ന പച്ചക്കറി കൃഷി വികസന പദ്ധതിയിൽ മുൻതൂക്കം നൽകുന്നത്. മറ്റ് വിളകൾക്കുള്ള പദ്ധതികളിലും രാസകീടനാശിനികളുടെ ഉപയോഗം പരമാവധി കുറച്ച് സംയോജിത കീട നിയന്ത്രണം ജൈവിക നിയന്ത്രണോപാധികൾ എന്നിവയാണ് പ്രോത്സാഹിപ്പിക്കുന്നത്. മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന സംസ്ഥാന ബയോകൺട്രോൾ ലാബിൽ നിന്നും ഓർഡർ അനുസരിച്ച് ജൈവിക നിയന്ത്രണോപാധികളായ സ്യൂഡോമോണാസ്, ട്രൈക്കോഡർമ, ട്രൈക്കോകാർഡ്സ് എന്നിവ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ